

സ്വച്ഛ്ഭാരത് മിഷനുമായി ബന്ധപ്പെട്ട് ഖരമാലിന്യ സംസ്ക്കരണത്തെക്കുറിച്ചും സെപ്റ്റേജ് ട്രീറ്റ്മെന്റ് സിസ്റ്റത്തെക്കുറിച്ചും പഠനം നടത്തുന്നതിന് മഹാരാഷ്ട്രയിലെ സാംഗ്ലി മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നും ഉല്ലാസ് നഗർ മുനിസിപ്പാലിറ്റിയിൽ നിന്നും മേയറും കൗൺസിലർമാരും 19.10.2016ന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ സന്ദർശനം നടത്തി. നഗരസഭ സെക്രട്ടറി ശ്രീ. അമിത് മീണ ഐ.എ.എസ്. കൊച്ചി നഗരത്തിൽ സ്വീകരിച്ചുവരുന്ന ശുചീകരണ പ്രവർത്തനങ്ങളെക്കുറിച്ച് സന്ദർശകർക്ക് വിശദീകരിച്ചു കൊടുക്കുകയും വിശദമായ പ്രസന്റേഷൻ അവതരിപ്പിക്കുകയുമുണ്ടായി. ഹെൽത്ത് കമ്മിറ്റി ചെയർപേഴ്സൺ അഡ്വ.മിനിമോൾ, കൗൺസിലർ ശ്രീ.ജോൺസൺ മാഷ്, ശ്രീ.ഡേവിഡ് പറമ്പിത്തറ, ഹെൽത്ത് ഓഫീസർ ഇൻചാർജ് ശ്രീമതി.ബീന എന്നിവർ ചടങ്ങിൽ പങ്കെടുത്തു.